# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4774** **02-07-2024 - ൽ മറുപടിയ്ക്ക്**

### മുതലപ്പൊഴി അപകടങ്ങളിൽ ഇരയായവർക്ക് പ്രത്യേക പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിൽ അപകടങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ അപകടങ്ങളിൽ ഇരയായവർക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | നിലവിൽ അപകടങ്ങളിൽ ഇരയാകുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും അനുബന്ധതൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം തുക പൂർണ്ണമായും സർക്കാർ അടക്കുന്നു. ടി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ/ അനുബന്ധ തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. പദ്ധതി പ്രകാരം അപകട മരണത്തിന് സ്ഥിരമായ പൂർണ്ണമായ അംഗവൈകല്യം എന്നിവയ്ക്ക് 10 ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും, ആംബുലൻസ് ചെലവിന് 5000/- രൂപയും, മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ വരെ |

| | | | |
|---|---|---|---|
| | | | (രണ്ട് കുട്ടികൾക്ക്) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നതാണ്. കൂടാതെ ഇൻഷ്വറൻസ് പരിരക്ഷയില്ലാതെ അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് CMDRF മുഖേന പരമാവധി ധനസഹായം നൽകി വരുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ തരത്തിൽ ആനുകൂല്യങ്ങൾ നൽകി വരുന്ന സാഹചര്യത്തിൽ പ്രത്യേക പദ്ധതിയുടെ ആവശ്യം നിലവിലുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ധനസഹായം | തുക |
|---|---|
| അപകട മരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000/- രൂപ വീതം ഒരാൾക്ക് പരമാവധി 10,000/- രൂപ |
| അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്കുള്ള ധനസഹായം | 25,000/- രൂപ (പരമാവധി) |
| ശവസംസ്കാര ചെലവ് | 2,500/- രൂപ |